**20U136** (Pages: 2) Name: ……………………..

Reg. No: …………………..

**FIRST SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, NOV. 2020**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A01 (1) - മലയാളസാഹിത്യം - I**

(Common Course)

(2019 Admission onwards)

Time: 2 ½ Hours Maximum: 80 Marks

Credit:4

## സെക്ഷൻ - എ

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്കുവീതമുള്ള 15 ചോദ്യങ്ങൾ (പരമാവധി 25 മാർക്ക്)**

1. “ജീവനും കൂടാതെ കേവലംഭൂമിയിൽ
പാവകൾവീണുകിടക്കും പോലെ” - വരികൾ
അർത്ഥമാക്കുന്നതെന്ത്?
2. “പാണനെതുണകൂട്ടിപൊയ്ക്കോ പെണ്ണേ”, ആരാണ് ഇങ്ങനെ പറയുന്നത്? സന്ദർഭം ഏത്?
3. രാമായണത്തിലെ ഏറ്റവും ശ്രേഷ്ഠമായ ശ്ലോകം എന്ന് കണക്കാക്കുന്നത് ഏതാണ്?
4. വനവാസത്തിന് പോകുന്ന ലക്ഷമണന് സുമിത്ര നൽകുന്ന ഉപദേശമെന്ത്?
5. “എടാ തെമ്മാടീ, തുടപ്പക്കട്ടയെടുത്തു ഞാൻ നിന്റെ മുഖത്തലക്കും!”- ആരാണ് ഇങ്ങനെ പറയുന്നത്? സന്ദർഭം ഏത്?
6. തുള്ളൽ എന്ന കലാരൂപത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം? അവയുടെ പ്രത്യേകത എഴുതുക.
7. “അവനുടെ വൈരിയൊരുത്തൻ ചെന്ന
ങ്ങവനെക്കയ്യിലെടുത്തോരു സമയേ
മൂന്നാംഭുജമതിസപദിമറഞ്ഞും”- വിവക്ഷിതമെന്ത്?
8. “വൃത്തിയുംകെട്ടു ധൂർത്തരായെപ്പൊഴും
അർത്ഥത്തെ കൊതിച്ചെത്ര നശിക്കുന്നു” - വരികൾ
അർത്ഥമാക്കുന്നതെന്ത്?
9. കുഞ്ചുനായർക്ക് ലഭിച്ച പെട്ടകത്തിന്റെ പ്രത്യേകത എന്ത്?
10. “നോക്ക് സീതേ ഈ വേദാന്തമൊക്കെ വയസ്സുകാലത്തേ കൊള്ളാവൂ” - ആരുടെ വാക്കുകൾ? സന്ദർഭം ഏത്?
11. “ഒരുപക്ഷേ വീട്ടമ്മയുടെ ദുരന്തത്തിൽ ഭർത്താവും രേഖപ്പെടുത്താത്ത ഒരു കാരണമാണ്” - ഇങ്ങനെ പറയുന്നതിലെ സാംഗത്യമെന്ത്?

12. “ഇന്നുമുതൽ നീ മൈഥിലി പരമാണിക് അല്ല. മൈഥിലി ഗരാമി”
- ആരുടെ വാക്കുകൾ? സന്ദർഭം ഏത്?
13. “വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ? - ഉമനെ വരുകിൽ കണ്ടിടാൻ വല്ല നിവൃത്തിയുണ്ടോ?” - വക്താവാര്? വിവക്ഷിതമെന്ത്?
14. പാത്തു കണ്ട സ്വപ്നമെന്ത്?
15. “ഇരുളാൻതുടങ്ങുന്ന ഭൂമിയെപ്പോലെ സാക്ഷിയെ പേടിപ്പിക്കുന്ന മറ്റൊന്നില്ല”. - സൂചിതമെന്ത്?

**(Ceiling: 25 Marks)**

## സെക്ഷൻ - ബി

**II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക അഞ്ചുമാർക്കുവീതമുള്ള 8 ചോദ്യങ്ങൾ (പരമാവധി 35 മാർക്ക്)**

16. കഥാപാത്രനിരൂപണം- രാച്ചിയമ്മ.
17. കുഞ്ചുനായർ മനയ്ക്കലെ ആനക്കാരനായതെങ്ങനെ?
18. അല്ലിമലർകാവിൽ കൂത്ത് കാണാൻപോകുവാൻ ഉണ്ണിയാർച്ച നടത്തുന്ന ഒരുക്കങ്ങൾ എന്തെല്ലാം?
19. മാപ്പിളപ്പാട്ട് എന്നാലെന്ത്?
20. ‘ഡബിൾ ആക്ട്’ സ്ത്രീപക്ഷ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്ന കഥയാണ്. വിലയിരുത്തുക
21. “എന്റെ സ്നേഹം സ്വാഭാവികവളർച്ച മുരടിച്ച ഒരു കുള്ളൻ അരയാൽപോലെ” - പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
22. നാടൻപാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം?
23. ദാർശനികതയോടൊപ്പം സാമൂഹികവിമർശനം ഉൾക്കൊള്ളുന്ന കൃതിയാണ് ജ്ഞാനപ്പാന. വിശദമാക്കുക

**(Ceiling: 35 Marks)**

## സെക്ഷൻ - സി

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. രോഗം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നതെങ്ങനെയെന്ന് ആവിഷ്കരിക്കുന്ന കഥയാണ് “ഉള്ളുരുക്കം” -സമർത്ഥിക്കുക
25. ‘തന്തത്താഴ് ’ എന്ന കഥയുടെ സമകാലിക പ്രസക്തിഎന്ത്? ചർച്ചചെയ്യുക.
26. സാമൂഹിക വിമർശനം നമ്പ്യാർ കൃതികളിൽ.
“രുക്മിണീസ്വയംവരം” തുള്ളൽ മുൻനിർത്തി ചർച്ചചെയ്യുക.
27. ‘ഒട്ടുചെടി’ എന്ന പേര് കഥയെ അന്വർത്ഥമാക്കുന്നതെങ്ങനെ?

**(2 x 10 = 20 Marks)**

*******